L. No. 5/1121 Dated 10—11—1946

# രാജർഷി

| | | |
|---|---|---|
| പുസ്തകം 12 | 1121 തുലാം, വൃശ്ചികം | ലക്കം ൩, 4 |

UNIVERSITY LIBRARY
27 FEB 1946
MADRAS.



സ്ഥാനത്യാഗംചെയ്ത

സർ, ശ്രീരാമവർമ്മ കൊച്ചി വലിയതമ്പുരാൻ

ജി. സി. എസ്സ്. ഐ., ജി. സി. ഐ. ഇ., എഫ്. എം. യു.

തിരുമനസ്സുകൊണ്ട്.

## വിഷയവിവരം


1. മംഗളം
—നീൽജി.
2. മതങ്ങളുടെ മൌലികതത്വം
—വി. എൻ. മുല്ലോത്ത്.
3. ബലിവേദിയിൽ 5
—ഇ. കെ. ദിവാകരൻപോററി.
4. സിംഹത്തിന്റെ പശുക്കുട്ടിയോ? 6
—പുത്തേഴത്ത് ബാലകൃഷ്ണമേനോൻ.
5. ശബ്ദാലങ്കാരം 8
—ടി. ആർ. നായർ.
6. സൌന്ദര്യത്തിന്റെ പാട്ട് 11
—മൂക്കിൽമഴൂർ വിശ്വനാഥമേനോൻ.


II


1. മംഗളം
—കുന്നത്തേരി രാമൻമേനോൻ.
2. പുലരിയിൽ
—തിരുത്തിക്കാട്ട് പ്രഭാകരൻനായർ പുഴക്കൽ.
3. നിസ്വന്റെ പ്രാർത്ഥന. 2
—വിദ്വാൻ, കുമ്മല്ലൂർ കെ. നാരായണപിള്ള.
4. സംസ്കൃതം എങ്ങിനെ പഠിപ്പിക്കണം? 2
—വ്യാകരണ ഭൂഷണം എൻ. ഡി. കൃഷ്ണനുണ്ണി.
5. കൈതൊഴാം 6
—കെ. ഐ. കെ. കർത്താ.
6. ദീനരോദനം 7
—ടി. ആർ. നായർ.
7. സമയത്തിന്റെ വില 7
—വിദ്വാൻ, പി. കെ. പരമേശ്വരൻ നായർ.

UNIVERSITY LIBRARY
27 FEB 1946
MADRAS

# രാജർഷി

| പുസ്തകം 12 | 1121 തുലാം, വൃശ്ചികം | ലക്കം 3, 4 |
|---|---|---|

## മംഗളം.

രാജർഷിതൻസ്മാരകമായുണർത്തി
രാജിച്ചിടും ഗോനിചയംപടർത്തി
രാജാവുതൻ പ്രീതിപരംപുലർത്തി
രാജർഷിമിന്നാവു യശസ്സുചാർത്തി.

(നീൽജി.)

## മതങ്ങളുടെ മൌലികതത്വം.

വി. എൻ. മുല്ലോത്ത്.

എല്ലാക്കാലത്തും എല്ലായിടത്തും മനുഷ്യൻ തന്നേക്കാൾ ഉപരിയായ ഒരു ശക്തിലോകമാസകലം പരിലസിക്കുന്നുണ്ടെന്നു അറിയുകയും ആ മഹാൽശക്തിയെന്തെന്നു് അറിയുവാൻ ഉത്സാഹിക്കുകയും ചെയ്തിട്ടുണ്ടു്; ചെയ്യുന്നുമുണ്ടു്. ലോകത്തിലെ ഭിന്നവർഗ്ഗക്കാർ അനിയന്ത്രിതമായിത്തന്നെ അനവരതം ആചരിച്ചുവരുന്ന വിവിധമതങ്ങളും മതാദർശങ്ങളും ഇപ്രകാരമൊരു ശക്തിയുടെ അസ്തിത്വത്തെ ഉറപ്പിക്കുകയും ചെയ്യുന്നുണ്ടെന്നുമാത്രമല്ല അവ, മാനവനെ ആമഹാശക്തിയിലേക്കു് എത്തിച്ചു് അവനെ ആനന്ദത്തിൽ ആറാടിക്കുവാൻ ഉള്ള വഴികളെ തെളിയിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ടു്. പക്ഷപാതരാഹിത്യത്തോടെ വിവിധമതങ്ങളേയും തദാദർശങ്ങളേയും മനസ്സിരുത്തി പഠിച്ചിട്ടുള്ള മഹാനുഭാവന്മാർ അവയെല്ലാം തമ്മിൽ പലദിക്കുകളിലും ഐകരൂപ്യമുള്ളതായി വീക്ഷിക്കുകയും ആ കണ്ടുപിടുത്തത്തിൽനിന്നുള്ള മതങ്ങളുടെയെല്ലാം ഉത്ഭവം ഒരേ ഒരു കേന്ദ്രത്തിൽനിന്നായിരിക്കണമെന്നു ഖണ്ഡിതമായി അഭിപ്രായപ്പെടുകയും ചെയ്യുന്നുണ്ടു്; എന്നാൽ ഈ ഉത്ഭവം എവിടെനിന്നാണെന്നുള്ള കാര്യത്തിൽ മാത്രമേ അഭിപ്രായവ്യത്യാസമുള്ളു.

അപരിഷ്കൃതരും ആലയാദികളില്ലാതെ കാട്ടിൽ നടന്നുംമറവും കാലംകഴിച്ചിരുന്ന ആദിമനിവാസികളുടെയിടയിൽ പ്രചാരത്തിലിരുന്നിരുന്ന മതാദർശങ്ങളെത്തന്നെ ഏററവും അർവ്വാചിനമതമായി ഗണിച്ചു് അവയെത്തുടർന്നു പുരോഗമനം സാധിച്ചു് പരിഷ്കൃതവർഗ്ഗക്കാരുടെ പരിപോഷണത്തിനും പരിലാളനത്തിനും വിധ

ഢമായ ലോകമഹാമതങ്ങളിലേക്ക് കടന്നുനോക്കിയിട്ടുള്ള ഒട്ടുമിക്ക മഹാന്മാരും ബലമായി അഭിപ്രായപ്പെടുന്നു, പ്രകൃതിശക്തികളുടെ സ്മരണം എന്നുമുതല്ക്ക് ലോകത്തിൽ പ്രകടമാവാൻ തുടങ്ങിയോ അന്നേ തിയ്യതിമുതല്ക്ക് മതവും ഉൽഭവിച്ചു എന്നും പരിണാമിയായ മനുഷ്യഹൃദയത്തിന്റെ പക്വാവസ്ഥയെ അനുസരിച്ച് പിന്നേയും വിപുലവും വിളങ്ങിയവുമാകുവാൻ തുടങ്ങിയെന്നും.

ആദിമനിവാസികൾ എന്നു ഇന്നു നാം അറിയപ്പെടുന്ന അപരിഷ്കൃതവർഗ്ഗക്കാർ വാസ്തവത്തിൽ ലോകത്തിലെ ആദിമനിവാസികളായിരുന്നു എന്നും അധുനാതനമായ പരിഷ്കാരം അവരിൽനിന്നും ബഹിർഗമിച്ച്, പരിണാമാരിപ്പയിൽകൂടി പലനാൾഗമിച്ച് ശുദ്ധമായിവന്നിട്ടുള്ള തെളിജലമാണെന്നും തെളിയുന്നതായാൽ മുൻപറഞ്ഞ അഭിപ്രായത്തിന്നു പ്രാബല്യം സിദ്ധിക്കുന്നതാണ്. എന്നാൽ അടുത്തകാലത്തു നടന്നിട്ടുള്ള അനവധി ഗവേഷണങ്ങളുടെ ഫലമായി ഈ അപരിഷ്കൃതവർഗ്ഗക്കാർ അവരുടെ കാലത്തിന്നും അതീതമായ ഏതോ സുവർണ്ണകാലത്തു വർത്തിച്ചിരുന്ന വിപുലമായ ഒരു രാഷ്ട്രത്തിന്റെ അവശിഷ്ടങ്ങളാണെന്നും ഈജിപ്തിലെ കൃഷീവലന്മാരായ ജനാവലിയുടെ പൂർവ്വപിതാമഹന്മാർ വീരസേനാനികളായിരുന്നു എന്നും ആഫ്രിക്കയുടെ തെക്ക് ഭാഗത്തായും മററും ഉള്ള ദ്വീപസമൂഹങ്ങളിൽ വസിക്കുന്ന അപരിഷ്കൃതവർഗ്ഗക്കാർ "ഈസ്റ്റർതുരുത്തിലെ"(Easter Island) മഹൽസ്തൂപങ്ങളുടേയും വലിയ മതിൽക്കെട്ടുകളുടേയും, ഇന്നത്തെ ശാസ്ത്രസിദ്ധാന്തങ്ങൾകൊണ്ടുകൂടി കാലനിർണ്ണയം ചെയ്വാൻ സാധിക്കാതെ തെക്കെ ആഫ്രിക്കയിലെ 'സിംബാവ'മുതലായ പ്രദേശങ്ങളിൽ അവശിഷ്ടങ്ങളായി കിടക്കുന്ന എടുപ്പുകളുടേയും മററും രചയിതാക്കളായ ശാസ്ത്രപടുക്കളുടേയും പണ്ഡിതവരേണ്യന്മാരുടേയും സന്താനപരമ്പരകളാണെന്നും മററും ധാരാളം തെളിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഈജിപ്തിന്റെ പഴയ പരിഷ്കാരകാലം കാലം ചെല്ലുന്തോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയപുതിയ കണ്ടുപിടുത്തങ്ങളുടേയും മററും ഫലമായി പിന്നോക്കംപോന്നയും തള്ളപ്പെട്ടുകൊണ്ടാണ് ഇരിക്കുന്നതു്. ഈജിപ്തിലെ 'പിറമിഡ്'എന്ന മഹാസൌധങ്ങളിൽവെച്ചു ഏററവും വലിയതു് പണികഴിഞ്ഞതു് അടുത്തകാലത്തോളം നമ്മൾ വിചാരിച്ചിരുന്നമാതിരി 5278 കൊല്ലങ്ങൾക്കുമാത്രം അപ്പുറമല്ലെന്നും പ്രത്യുത 25,868 കൊല്ലങ്ങൾക്കപ്പുറമാണെന്നും ഖഗോളശാസ്ത്രസിദ്ധാന്തപ്രകാരവും മററും നടത്തപ്പെട്ടിട്ടുള്ള ഗവേഷണങ്ങളുടെ ഫലമായി ഈയിടെ തെളിഞ്ഞിട്ടുണ്ട്. ഹിന്ദുശാസ്ത്രപ്രകാരം അർവ്വാചീനപരിഷ്കാരകാലം അതിലും എത്രയോ മുമ്പുതന്നെ തുടങ്ങിയതായിട്ടാണ് കണക്കാക്കിയിരിക്കുന്നതു്. ഇതു് ഏകദേശം ശരിയായിട്ടുള്ളതാണെന്നാണ് ശാസ്ത്രസമ്മതവും. ഹിന്തുക്കളുടെ അതിപുരാതനഗ്രന്ഥങ്ങളിൽപോലും കാണുന്ന മതസിദ്ധാന്തങ്ങളും തത്വങ്ങളുമെല്ലാം വളരെ വിദൂരമായ ഒരു കാലത്തു്—ജീവരാശികളുടെ ആദിമകാലത്തു—തന്നെ ഉത്ഭവിച്ചതായിട്ടാണ് പ്രതിപാദിക്കപ്പെട്ടിട്ടുള്ളതു്.

"നഹിപൂർവ്വ വിസർഗ്ഗോവൈ
വിഷമെപൃഥിവീതലെ
സവിഭാഗഃപുരാണാം വാ
ഗ്രാമാണാം വാഭവത്തദാ."

ഇപ്രകാരം പുരാണാദിവിഭാഗങ്ങൾ

കൂടിയുണ്ടായിരുന്നില്ലാത്ത അക്കാലത്ത്—ഭൂമിയുടെ ആദിമവിഷമാവസ്ഥയിൽപോലും, അതായതു ഭൂമിസമനിരപ്പുകൂടി ആയിരുന്നില്ലാത്ത ആ കാലത്തുപോലും.

നപുരഗ്രാമദുർഗ്ഗാണി
നചായുധധരാനരാ,

ക്ഷയാതിശയദുഃഖം ച..............കോട്ടകൊത്തളങ്ങളോ ആയുധപാണികളായ യോദ്ധാക്കളൊ ഇല്ലാതേയുംമററും അവർ ദുഃഖവിഹീനരായി വസിച്ചിരുന്നു എന്നു കാണുന്നു. ചീനക്കാരുടെ പുരാണങ്ങളും ഏതാണ്ടിപ്രകാരമുള്ള തെളിവുകൾതന്നെയാണ് നൽകുന്നതു്.

പ്രാകൃതവസ്തുക്കളെ ആരാധിച്ചിരുന്ന ക്രമം കാലാനുകൂലമായ പരിഷ്കാരത്തോടൊത്തുചേന്നു് പരിണമിച്ചതാണു് ഇന്നത്തെ മതസിദ്ധാന്തങ്ങൾ എന്നുള്ള സിദ്ധാന്തം മേൽപറഞ്ഞ ശാസ്ത്രസിദ്ധാന്തങ്ങളുമായി തട്ടിക്കഴിച്ചുനോക്കുമ്പോൾ അടിസ്ഥാനരഹിതങ്ങളായി പരിണമിക്കുന്നതാണു് എന്നുമാത്രമല്ല അവയെ സാധൂകരിക്കാൻ ചില ദർശനങ്ങളൊ അവതാരങ്ങളൊ മാത്രമെ അവക്ക് പ്രമാണമായിട്ടു കൊണ്ടുവരുവാൻ സാധിക്കുന്നുമുള്ളു.

ദർശനാദിസിദ്ധാന്തങ്ങളെ കണ്ണടച്ചു സ്വീകരിക്കുവാൻ ഉത്സാഹിക്കരുതെന്നു കർശനമായിത്തന്നെ ചില തത്വചിന്തകന്മാർ അഭിപ്രായപ്പെടുന്നു. ഇതിനു അവർ പറയുന്ന പ്രധാനകാരണം, നിലവിലുള്ള മതങ്ങളെ ബാഹ്യമായി, സ്പർശിച്ചു നോക്കുമ്പോൾ അവതമ്മിൽ അജഗജാന്തരമുള്ളതായി കാണുന്നതുകൊണ്ടുതന്നെയാണ്. മതം—അതുതന്നെസത്യം—മനുഷ്യനു അമാനുഷികമായ ഒരു ശക്തിയിൽനിന്നു ദർശനരൂപത്തിൽ ലഭിക്കുന്നതായ ഒരു മഹത്തായ നിധിയെങ്കിൽ അവയ്ക്കു ഇന്നു നാം കാണുന്നവിധത്തിലുള്ള വൈവിദ്ധ്യവും വൈപരീത്യവും അല്പാല്പമായ വൈരൂപ്യംപോലും വരുവാൻ യാതൊരു കാരണവുമില്ലല്ലൊ. ഒരുകാലത്തെ മതസിദ്ധാന്തങ്ങൾ മറെറാരുകാലത്തെ വ്യക്തികൾക്ക് യോജിക്കാതിരിക്കാനും വഴിയില്ലല്ലൊ.

എന്നാൽ നേരമറിച്ചു് നാം ആ മതങ്ങളേയും മതാദർശങ്ങളേയും കൂലങ്കഷം പരാമർശിച്ചും പരിശോധിച്ചും നോക്കുന്നതായാൽ അപ്പോൾ നമുക്കു സുജ്ഞാതമാകുന്നതാണു്, അവതമ്മിൽ സാമ്യവും ഐകരൂപ്യവും ആണു് ഉള്ളതെന്നു. മതാദർശങ്ങളുടെ പുറവശംതന്നെ അല്പം ആലോചനയോടും ശാസ്ത്രീയമായ നിലയിലും പഠിക്കുന്നതായാൽ നമുക്ക് ഈ ഐകരൂപ്യം ഏതാനും അനുഭവവേദ്യമായിതീരുന്നതാണ്.. ഉള്ളിലേക്കു ചുഴിഞ്ഞുനോക്കിയാൽ പിന്നെ ചോദിച്ചിട്ടാവിശ്യമില്ലു, അവതമ്മിൽ ഐകരൂപ്യം ഉണ്ടെന്നു തീച്ചയായും കാണാം. "എല്ലാ തത്വചിന്തകന്മാരും പറയുന്ന ഭാഷ ഒന്നുതന്നെ" എന്നു സുപ്രസിദ്ധ തത്വചിന്തകനായ 'ഡീൻ ഇഞ്ച്' (Dean Inge) തന്റെ പ്രസംഗമദ്ധ്യേ ഒരിടത്തു പറഞ്ഞിട്ടുള്ളതു വിസ്മരിക്കത്തക്കതല്ല.

മേൽപറഞ്ഞ കാര്യങ്ങളിൽനിന്നും സുവ്യക്തമാകുന്നുണ്ടല്ലൊ സകല മതങ്ങളുടേയും മൂലകന്ദം ഒന്നാണെന്നും അവയ്ക്കു തമ്മിൽ ആന്തരമായി യാതൊരു ഭിന്നിപ്പും ഇല്ലെന്നും ഈ മതങ്ങളുടെ വളച്ചയേയും മററും പററി ശരിയായി പരിശോധിക്കുന്നതായാൽ അവയുടെ ഉത്ഭവകേന്ദ്രത്തേയും എല്ലാററിന്റേയും അടിക്കല്ലായി പരിലസിക്കുന്ന തത്വത്തെ വിവിധകാലങ്ങളിലും രാജ്യങ്ങളിലും ജീവിച്ചിരുന്ന ജന

ങ്ങൾക്ക് എങ്ങിനെ ഏതേതുരൂപത്തിൽ ലഭ്യമായി എന്നും അവതമ്മിൽ ബാഹ്യമായി കാണപ്പെടുന്ന വ്യത്യാസങ്ങൾ എങ്ങിനെ ഉണ്ടായി എന്നും മററുമുള്ള സംഗതികളേയും കുറിച്ച് നമുക്ക് അനല്പമായ അറിവ് ലഭിക്കുന്നതാണ്. കാലചക്രത്തിന്റെ തിരിച്ചിലിൽ പെട്ടും തെററിദ്ധാരണകൾ മൂലവും സ്വാൎത്ഥികളായ പുരോഹിതന്മാരുടേയും മററും പ്രവൃത്തികൾകൊണ്ടും അതുകൂടാതെ സ്വതവെയായും എന്തെല്ലാം മാററവും മറിച്ചിലുകളുമാണ് മതസിദ്ധാന്തങ്ങൾക്കു വന്നിട്ടുള്ളത് എന്നും കൂടി മനസ്സിലാക്കുവാൻ ഈ പരിശോധന നമുക്ക് സഹായമായിതീരുന്നതാണ്.

മനുഷ്യർ പരിണാമപഥത്തിൽകൂടി പുരോഗമനം സാധിച്ചുകൊണ്ടുവരുന്നു. സത്യം അല്ലെങ്കിൽ തത്വം എന്നതു മററങ്ങൾക്ക് വിധേയമാകാതെ നിൽക്കുന്ന ഒരു വസ്തുവാണ്. എന്നാൽ മാനവൻ പരിണാമിയായതുകൊണ്ട് അതാതുകാലത്തു അവനു ഗ്രഹിക്കാത്തരൂപത്തിലും തോതിലും തത്വങ്ങളെ അവനെ തെര്യപ്പെടുത്തേണ്ടതാണ്. അപ്രാചീനന്മാരായ ആചാര്യന്മാരുടേയും അവതാരപുരുഷന്മാരെന്ന് അറിയപ്പെടുന്ന അഭിജ്ഞന്മാരായ സ്വതന്ത്രതത്വചിന്തകന്മാരുടേയും വാക്യങ്ങളുടെ അസ്സലുകൾ, ഓൎമ്മത്തെററുകൊണ്ടും മററും വന്നുപോയിട്ടുള്ള പിശകുകളാലും, പിന്നീടുണ്ടായിട്ടുള്ള പലരുടേയും വ്യാഖ്യാനങ്ങളായും പ്രസാധകന്മാരുടേയും പകൎപ്പെടുക്കുന്നവരുടേയും കൈയ്യിൽനിന്നു പററാവുന്ന സ്ഖാലിത്യങ്ങളാലും ദൂഷിതമാകാതെ, അതേരീതിയിൽ നമുക്ക് ലഭ്യമാകുന്നതായാൽ അപ്പോൾ നമുക്ക് പ്രത്യക്ഷമാകും, പരിണാമിയായ മനുഷ്യന്റെ ഓരോ ദശാസന്ധിക്കും യോജിച്ചവിധത്തിലുള്ള ഓരോതരം തത്വങ്ങൾ—മാനവന്റെ പുരോഗമനസന്നാഹത്തെ സുകരമാക്കുവാൻ സഹായിക്കുന്ന തത്വമരീചികൾ—ആണ് ആ വാക്യങ്ങളിൽ വിളയാടുന്നത് എന്നു.) ഇവക്ക് യാതൊരുവിധത്തിലുമുള്ള ഭേദഗതികളല്ല ആവശ്യമെന്നും നേരെമറിച്ച് അതതുകാലത്തെ ജനതതിയുടെ പരിഷ്കൃതമനഃസ്ഥിതിയ്ക്കനുസരണമായവിധത്തിൽ അവയെ വികസിപ്പിക്കേണ്ട ആവശ്യം മാത്രമേയുള്ള എന്നും കാണാവുന്നതാണ്.

സൎവ്വോപരിയായും സകലദിക്കിലും വൎത്തിക്കുന്ന മഹാശക്തിയെ കുറിച്ച് കേവലമായ ഒരു ജ്ഞാനമെങ്കിലും ലഭിക്കാനുള്ള ആകാംക്ഷയോടും ആവേശത്തോടും യതിക്കുന്ന തത്വചിന്തകന്മാരുടെ മനോമുകുരത്തെ വികസിപ്പാൻ പൎയ്യാപ്തമായ വിധത്തിലുള്ള ഭവ്യമായ ദിവ്യാത്മപ്രഭയുടെ ഒരു സ്ഫുരണമാണു മതമെന്നു കല്പിച്ചു പറയാം. ഈശ്വരന്റെ സാമാന്യമായ പ്രകൃതി, സാധാരണന്മാൎക്കുകൂടി സുകരമായ വിധത്തിൽ ഈശ്വരനും മനുഷ്യനും തമ്മിലുള്ള ബന്ധം ഇവയെപ്പററിയുള്ള ഒരു സാമാന്യജ്ഞാനമാണ് അതിൽനിന്നു നമുക്ക് ലഭ്യമാകുന്നതു്. മനുഷ്യഹൃദയം പരിണമിക്കയും തൽഫലമായി പരിഷ്കരിക്കപ്പെടുകയും ചെയ്യുന്ന തോതനുസരിച്ച് കൂടുതൽ ഗവേഷണത്തിനു വിധേയമായും വിജ്ഞാനലബ്ധിക്ക് പാത്രമായും ഉള്ള വിധത്തിൽ അതു അത്രകണ്ടു വിപുലമായിരിക്കയും ചെയ്യുന്നതാണ്. എല്ലാമതാദൎശങ്ങളിലും നടുനായകമായി പരിലസിക്കുന്നതായ ഒരു മഹൽതത്വമുണ്ട്. മതാദൎശങ്ങളുടേയും തത്വങ്ങളുടേയും ഒരുഭാഗം—ജീവിതത്തെ സുകരമാക്കിത്തീൎക്കാനും ന്യായപ്രകാരം മനുഷ്യനെ വഴികാണിച്ചുകൊടുക്കാനുമുള്ളതായ ഒരുവശം—പ്രകടമായും സുജ്ഞാതമായും വൎത്തിക്കുന്നു. എ

ങ്കിലും ആ വശത്തെ മാനവൻ നല്ലവണ്ണം അറിഞ്ഞു അതിനെപ്പററി സമ്പൂൎണ്ണമായും ഗുരുതരമായും ഉള്ള ജ്ഞാനം സിദ്ധിക്കുന്നതുവരെ, ഗഹനമായ ഇതരഭാഗം അവന്റെ അക്ഷിക്ക് ലക്ഷീഭവിക്കാതെ അനവരതം മറഞ്ഞുവൎത്തിക്കതന്നെ ചെയ്യുന്നു. ശേഷിയോടും ശേമുഷിയോടുംകൂടി ഊഷലെന്യെ പ്രയത്നിച്ച് വിപുലമായ ജ്ഞാനത്തെ അധിഗമിക്കാൻ പ്രാപ്തരാണെന്നു തെളിയിക്കുന്ന വ്യക്തികൾക്കു മാത്രമേ ആ മറുഭാഗം സമ്യക്കാംവണ്ണം ഗോചരമായിത്തീരുകയുള്ളൂ. "കുട്ടികൾക്കുപോലും സുകരമാംവണ്ണം നടന്നുകടക്കാവുന്ന ആഴംകുറഞ്ഞ പ്രദേശങ്ങളും ബലിഷ്ഠനായ ഒരു യോദ്ധാവിനുപോലും നീന്തിത്തുടിച്ചു കടക്കേണ്ടതായവകളും എല്ലാമതങ്ങളിലും കാണാം." അല്ലെങ്കിൽ അതുകൊണ്ടു് ഓരോരോ കാലഘട്ടങ്ങളിലേയും ബുദ്ധിവികാസത്തിന്നനുസരിച്ചു് അവ പ്രയോജകീഭവിപ്പാൻ പൎയ്യാപ്തമാവുകയില്ലായിരുന്നുവല്ലോ.

ഏതുവിധത്തിലുള്ള തത്വങ്ങളായാലും വേണ്ടതില്ല അവയുടെ മൌലികമായ ഗുണം ദിവ്യമായ ആ മഹാതത്വത്തെ വെളിപ്പെടുത്തുവാൻ സാധിക്കുക എന്നുള്ളതായിരിക്കണം. മാത്രമല്ല, പരമമായ ആഗ്രഹത്തോടും നിൎമ്മലമായ ആദരത്തോടുംകൂടി തിരയുന്ന ചിത്തത്തിന്നു് അതു ആശ്വാസഹേതുകമായിത്തീരുകയും ചെയ്യണം. മതം എന്നതു്, ഈശ്വരൻ എന്നാൽ എന്തെന്നു മനുഷ്യരെ ധരിപ്പിക്കുവാനുള്ള ഒരു വിവരണമായാൽ മാത്രം പോരാ, മനുഷ്യൻ എന്നാൽ എന്തെന്നുകൂടി അവനെത്തന്നെ ധരിപ്പിച്ച അവൻ ഇന്നത്തെ നിലയിൽ ലോകത്തിൽ വന്നതെങ്ങിനെയെന്നും എന്തിനെന്നും അവനെ ഗ്രഹിപ്പിക്കുകകൂടി ചെയ്യണം. മതം നമ്മെ ഈശ്വരനിൽനിന്നും മനുഷ്യനിലേക്കും തിരികെ ഈശ്വരനിലേക്കും നയിക്കണം. അതായതു ആ ആദികാരണത്തിൽനിന്നു അധുനാതനമായ അതിന്റെ പ്രകടനങ്ങളിലേക്കും അവിടെനിന്നു അനശ്വരമായതും കാൎയ്യകാരണങ്ങൾ ഒന്നുചേൎന്നു സമ്മേളിച്ച് ലസിക്കുന്നതുമായ ആ കേന്ദ്രത്തിലേക്ക് നയിക്കുവാൻവേണ്ടുന്ന ശക്തിയോടുകൂടിയതുമായിരിക്കേണ്ടതുമാണു്. *

* (തിയോസഫിസ്റ്റിൽനിന്നു്).

## * ബലിവേദിയിൽ.

(ഇ. കെ. ദിവാകരൻ പോററി.)

1. അഹോ! മഹാമാരിപടൎന്നതോടൊ-
ത്തകാലവും കൂടിയണഞ്ഞുനാട്ടിൽ
ക്കുന്നിൽ കുരുക്കും കരുവെന്നപോലെ-
യസഹ്യമാക്കി പ്രജകൾക്കുദുഃഖം.
2. ദിനംദിനം മൃത്യുകടിച്ചുതുപ്പും
ശവങ്ങളുൎവ്വിതലമാസ്തരിക്കെ
ആകാശമാൎഗ്ഗത്തിലുയൎന്നുകേൾക്കാ-
യാപൽഭയം ക്രന്ദനനിസ്വനങ്ങൾ.
3. "ദുഷ്ടാലദേവം വരുവാൻ നിദാനം
നോക്കിടിലൊന്നാണതുദൈവകോപം
ഇതോൎത്തുടൻ ചെന്നു ഭജിക്കുവാനാ-
യൊരമ്പലത്തിൽ ചില പൌരമുഖ്യർ.
4. "അഭീഷ്ടമെന്താകിലുമിക്ഷണത്തിൽ
സാധിച്ചിടാംഞങ്ങളറിഞ്ഞുവെന്നാൽ
വിപത്തിൽനിന്നും കരകേററിനാട്ടു
രക്ഷിക്കമേലിൽ പരദേവതേ, നീ."
5. ഈ മട്ടിലേറെജ്ജനമൊത്തുകൂടി-

ജ്ജപിച്ചു സേവിച്ചു ദിനം കഴിക്കെ
ഉപാസനാമൂർത്തി തെളിഞ്ഞു കോകാ
യകത്തുനിന്നും വെളിവാടിവണ്ണം:—

6. “രാജാവിനേററം പ്രിയമുള്ളയാളെ-
യെനിക്കുവേണ്ടിബ്ബലി ചെയ്തിടേണം.
അവൻെറ ചോരക്കുരുതിക്കളത്തിൽ
കുളിച്ചു സംതൃപ്തിയടഞ്ഞിടാം ഞാൻ.”

7. ആശാങ്കുരത്തിൻ നിഴലൊന്നു കണ്ട-
താശങ്കയാലാവൃതമായിരുന്നു.
ഐശ്വര്യമാർഗ്ഗം തടവററുനേരെ-
ത്തെളിഞ്ഞു കാണുന്നതപൂർവ്വമല്ലോ.

8. അന്നാട്ടിലെക്കോവിലകത്തു വേറി-
ട്ടുന്നാളെഴും വ്യക്തികൾ രണ്ടുമാത്രം
മന്നൻെറ വാത്സല്യനിധാനമായ
തന്നൂജനും തജ്ജനയിത്രിതാനും.

9. വേട്ടയ്ക്കു രാജാവു ഗമിച്ചിലാക്കിൽ
കോട്ടയ്ക്കകത്തെത്തിയ കിങ്കരന്മാർ
കൊട്ടാരമുററത്തു കളിച്ചിരുന്ന
കുമാരനെക്കൊണ്ടു ബലിക്കൊരുക്കി.

10. നൃപൻ തിരിച്ചെത്തിയ നേരമെങ്ങും
പരന്നിരിക്കുന്നു ദുരന്തവൃത്തം
ശോകാന്ധയായിച്ചുടുകണ്ണുനീരിൽ
കുളിച്ചിരിക്കുന്നിതു രാജപത്നി.

11. പ്രജാപരിത്രാണപഥത്തിലിപ്പോൾ
പ്രജാപരിത്യാഗമവശ്യമായി.
ഇത്തവ്വിലൊന്നും പറയാതെനിന്നു.
കർത്തവ്യമെന്തെന്നറിയാതെ ഭൂപൻ.

12. മുറ്റത്തു തദ്ദൈവഹിതം വഴങ്ങാ-
നുറച്ചു തൻ ജീവിതശേഷഭാഗം
നിജപ്രിയാപ്രേമനിമഗ്നമാക്കി-
ക്കഴിക്കുവാൻ ഭൂപതിനിശ്ചയിച്ചു.

13. കററക്കിടാവിൻെറ വിയോഗമെന്നാൽ
പെററമ്മയെങ്ങനെ പൊറുത്തിടുന്നു?
സ്വബോധമുണ്ടായ വിനാഴികയ്ക്ക-
മ്മാതാവു പാഞ്ഞെത്തി ബലിസ്ഥല-
(ത്തിൽ.

14. മനുഷ്യമേധത്തിനു ചൊറുപോലും
മനംമടുക്കാത്ത പുരോഹിതന്മാർ
എടുത്തു ചൊവ്വിൽ ബ്ബലിവേദിയിന്മേ-
കിടത്തിയ കോമളകോരകത്തെ. (ൽ

15. പിശാചമന്ത്രധ്വനിയെന്നപോലെ-
ദ്രുശാന്തമന്ത്രസ്വനിതം മുഴങ്ങെ
കരാളദംഷ്ട്രാങ്കുരമെന്നപോല-
ങ്ങുയന്നു കണ്ണാപരിഖഡ്ഗനാളം.

16. ഉടൻ ‘വധ്യ’ന്നോതിത്തടയുമവനീ-
പാലനൊഴിയാ-
നിടം കൈയ്യാൽതള്ളി—ജ്ജനതതി
(മിഴി-
ച്ചുങ്ങു നിലയായ്—
പിടഞ്ഞെത്തി ‘ദ്ദൈവ പ്രിയകൃതി’യി-
(തെ’-
ന്നോതി മകനെ-
ക്കടന്നേന്തിക്കാത്തു ജനനിയൊഴുകി-
ച്ചാത്മരുധിരം!

---

* ആശയം “ടെന്നീസ”ൻെറ ‘Victim’ എന്ന കവിതയിൽ നിന്നെടുത്തതു്.

---

## സിംഹത്തിൻെറ പശ്ശുക്കുട്ടിയോ?

(പൂത്തേഴത്ത് ബാലകൃഷ്ണമേനോൻ)

“ദാരിദ്ര്യത്തിന്നു കീഴടങ്ങാം രണത്തെ സ്വയം സ്വീകരിക്കാം. എന്നാലും ശത്രുക്കൾക്കു കീഴടങ്ങരുതു്” എന്നായിരുന്നു മരണശയ്യയിൽ കടന്നിരുന്ന പ്രതാപസിംഹൻെറ അന്ത്യവചനം എന്നാൽ ആ വീരരജപുത്രൻെറ കാലശേഷം മുഗിളർ

മേവാഡൊഴിച്ചു് ശേഷിച്ച രജപുത്രകേന്ദ്രങ്ങളെല്ലാം സ്വായത്തമാക്കി.

പ്രതാപസിംഹൻെറ ലോകവാസാവസാനത്തോടുകൂടി അദ്ദേഹത്തിൻെറ മകൻ സിംഹാസനാരോഹണം ചെയ്തു. എന്നാൽ പിതാവിൽനിന്നും എത്രയൊ വ്യത്യസ്തമായ ഒന്നായിരുന്നു അമരസിംഹൻെറ മനോഭാവം രാജ്യാഭിവൃദ്ധിയിൽ തീരെ തൃഷ്ണയില്ലാതെ ആഡംബരങ്ങൾക്കു വശംവദമായുള്ള ഒരു ഭരണമായിരുന്നു അദ്ദേഹത്തിൻേറതു്. ഇതുതന്നെയായിരുന്നു മുഗളരുടെ ആക്രമണങ്ങളുടെ മുഖ്യകാരണവും. എന്നാൽ മേവാഡുരാജ്യം ഒന്നുമാത്രമായിരുന്നു ഇവരുടെ തുടരെയുള്ള ആക്രമണങ്ങളെ തരണംചെയ്തു ഭാരതത്തിലെ യശസ്സിനെ പരിപാലിച്ചുപോന്നിരുന്നതു വിലപിടിച്ച നിരവധിപ്രാണങ്ങളെ നശിപ്പിച്ചും ജനങ്ങൾ ശത്രുക്കളോടു കാണിച്ചിരുന്ന വീരപരാക്രമങ്ങളുടെ പ്രത്യക്ഷാനുഭവമായിരുന്നു മേവാഡിനെ ഈ സൽകീൎത്തിക്കു പാത്രമാക്കിയതു്. ഇങ്ങനെ മേവാഡ് രാജ്യം പൌരന്മാരായ പരന്മാരുടെ പരമശത്രുതക്കു പാത്രമായി പരിണമിച്ചു. എന്നാൽ രാജാവിനുമാത്രം ഇവയൊന്നും ശ്രദ്ധേയങ്ങളായിരുന്നില്ല. നിസ്സാരങ്ങളായ ചില കോട്ടകൾ കേടുപാടുകൾ തീൎത്തതല്ലാതെ അദ്ദേഹം വേറെയൊന്നും പറയത്തക്കതായി പ്രവൎത്തിച്ചില്ല.

ഇത്തരം ഉദാസീനതകൾ ആപത്തുകളെ സ്വമേധയാ വരിക്കുകയാണെന്നു് അദ്ദേഹത്തിനു മനസ്സിലായി. എന്നാൽ അദ്ദേഹം എന്തുചെയ്യട്ടെ. സംഗതികൾ പ്രവൃത്തിപഥത്തിൽ എത്തിക്കുവാൻ സമയം വല്ലാതെ വൈകിയിരുന്നു. അധികം താമസിയാതെ ശത്രുക്കൾ രജപുത്രപാളയത്തെ എതിൎത്തു. ആക്രമണം അവസാനിച്ചതിൽ പിന്നെയാണു് അദ്ദേഹം സംഗതി മനസ്സിലാക്കിയതു്. എങ്ങനെയെങ്കിലും മുഗിളരുമായി സന്ധി ചെയ്യേണ്ടതാണെന്നു കാണിച്ചു് അദ്ദേഹം സേനാപതി ഗോവിന്ദസിംഹനു സുദീൎഘമായ ഒരു കത്തയച്ചു. ഉറക്കം ഉണൎന്ന സമയത്താണു് ഈ സന്ദേശം അദ്ദേഹത്തിനു ലഭിച്ചതു്. മേവാഡുരാജ്യം അനുഭവിച്ചുപോന്നിരുന്ന സൌഖ്യത്തെ ഉന്മൂലനാശം ചെയ്യാത്തവിധത്തിൽ മുഗിളരുമായി സന്ധിചെയ്യണമെന്ന രാണയുടെ സന്ദേശം അദ്ദേഹത്തിനു രോമാഞ്ചത്തെയാണുണ്ടാക്കിയതെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ.

ഗോവിന്ദസിംഹൻ അന്യവസ്തുക്കളേക്കാൾ അധികം സ്വരാജ്യത്തെയാണു് സ്നേഹിച്ചിരുന്നതു്. സ്വരാജ്യത്തിനുവേണ്ടി ആത്മാവിനെപ്പോലും അൎപ്പിക്കുവാൻ അദ്ദേഹത്തിനു ക്ലേശമുണ്ടായിരുന്നില്ല. നാഡികളിൽകൂടി രക്തം ഒഴുകുംകാലത്തോളം— തൻെറ രാജ്യത്തിൻെറ ഉന്നതിക്കു വിഘ്നമായി നില്ക്കുന്ന ഏതു മഹാശക്തിയോടും സധീരം പോരാടുവാൻ അദ്ദേഹം തയാറായിരുന്നു. മാതൃഭൂമിക്കുവേണ്ടി എത്രയൊ മഹത്തായ കാൎയ്യങ്ങളെ ക്ലേശലെന്യേ അദ്ദേഹം നിൎവ്വഹിച്ചിട്ടുണ്ടു്. യൌവ്വനത്തിൽ പരാക്രമശാലിയായിരുന്നകാലത്തു ദാരിദ്ര്യത്തെയും കഷ്ടപ്പാടുകളേയും, പ്രതാപസിംഹനോടൊപ്പം തന്നെ അദ്ദേഹവും അനുഭവിച്ചുപോന്നിരുന്നു. തൻെറ ജീവിതദശയിൽ 'സന്ധിസംസാരം' എന്നതു് അദ്ദേഹത്തിനു കേൾക്കേണ്ടതായി വന്നിട്ടില്ല. ബലവാനും ബലഹീനനും തമ്മിലുള്ള സഖ്യം എപ്രകാരമായാലും ബലഹീനനു ഗുണമായി ഭവിക്കില്ല. ഈ വാസ്തവം മനസ്സിലാക്കിയ ഏതു മനുഷ്യനാണു് ഉദ്ദേശം എഴുപതുവൎഷത്തോളമാ

യി മേവാഡിനെ ആക്രമിച്ചുകൊണ്ടിരുന്ന ഒരു മഹാശക്തിയോടു സന്ധിചെയ്യുവാൻ മനസ്സുണ്ടാവുക? ഉടനെതന്നെ അദ്ദേഹം രാജസന്നിധിയിലേക്കു പാഞ്ഞുചെന്നു. അവമാനകരമായ സന്ധിസംസാരത്താൽ കോപിച്ച അദ്ദേഹം രാജാവിനെനോക്കി ഇപ്രകാരം പറഞ്ഞു. "മഹാറാണ" മാതൃഭൂമിയുടെ മാനത്തേയും മൎയ്യാദയേയും പാലിപ്പാൻവേണ്ടി മാത്രം അങ്ങയുടെ പിതാവു് ദാരിദ്ര്യവും കഷ്ടതകളും അനുഭവിച്ചു. വളരെ ചുരുക്കം യോദ്ധാക്കളോടുകൂടി അദ്ദേഹം വമ്പിച്ച സേനയോടു ധീരധീരം പോരാടി. എന്നാൽ, ഹാ—ആ കാലമെല്ലാം ഇതാ തിരോധാനംചെയ്തു. ശൌൎയ്യവീൎയ്യപരാക്രമങ്ങളാൽ ആവൃതമായിരുന്ന ആ മേവാഡ് ഇതാ ആഡംബരാദി നീചതപങ്ങളുടെ വിളനിലമായിരിക്കുന്നു. ഹെ—മഹാറാണാ, അങ്ങയുടെ സന്ധിസംസാരം ഇനിയും അവസാനിച്ചിട്ടില്ലേ? സ്വാതന്ത്ര്യബോധം നിലനിൎത്തുവാനെങ്കിലും അങ്ങുന്നു ഒന്നു ഉണൎന്നു പ്രവൎത്തിയ്ക്കു. അങ്ങയുടെ ബഹുമാന്യനായ പിതാവിനെ ഓൎത്തെങ്കിലും—അദ്ദേഹത്തിൻെറ അന്ത്യശാസനയെ നിറവേററുവാനെങ്കിലും ഈ സന്ധിസംസാരത്തെ അവിടന്നു് ഉപേക്ഷിക്കു.

സേനാപതിയുടെ ഈ അസ്ത്രം റാണയിൽ നല്ലപോലെ തറച്ചു. പിതാവിൻെറ നാമശ്രവണമാത്രയിൽ അദ്ദേഹത്തിന്നു് ഒരു ശക്തി ഉണ്ടായി. ഫലാഫലങ്ങളേയും ജയാപജയങ്ങളേയും പററി ലവലേശം വിചിന്തനം ചെയ്യാതെ അദ്ദേഹം ശത്രുക്കളോടു നേരിടുവാൻ തന്നെ തീൎച്ചയാക്കി.

അന്നുരാത്രി സൎവ്വവും നിശ്ശബ്ദതയിലാണ്ടപ്പോൾ റാണാ തൻെറ അഞ്ഞൂറാളും വീരഭടന്മാരോടുകൂടി സുരക്ഷിതമായിരിക്കുന്ന ശത്രുപാളയത്തെ ലക്ഷ്യമാക്കി നടകൊണ്ടു. ശത്രുക്കളിലേതാനും പേരെ അവർ കൊന്നൊടുക്കി. "പലരും പരുക്കേററു നിലംപതിച്ചു. പിന്നീടു അവിടെയുണ്ടായ ആ കാഴ്ച അവാച്യംതന്നെ. അന്നാണ് രജപുത്രയോദ്ധാക്കൾ അവരുടെ ശൌൎയ്യം മുഗിളൎക്കു കാണിച്ചുകൊടുത്തതു്.

മേവാഡിനെ കീഴടക്കാമെന്ന മുഗിളരുടെ മോഹവും ശിഥിലമായി. രജപുത്രരുടെ ഖഡ്ഗത്തിൻെറ മാധുൎയ്യം അവർ നല്ലപോലെ അന്നു് മനസ്സിലാക്കി. 'ദുഷ്ടന്മാൎക്കു് അവസാനം അധോഗതി' എന്ന ആപ്തവാക്യം ഇവിടെ ശരിയ്ക്കും ഫലിച്ചു. വിജയിനായ റാണാ വാദ്യഘോഷങ്ങളോടുകൂടി രാജ്യത്തേക്കു മടങ്ങി. മുഗിളരെ തോല്പിച്ച വൎത്തമാനം നാടെങ്ങും പരന്നു.

'മഹാറാണാ കീജയ്' 'മേവാഡ് കീ ജയി' എന്ന ഉൽഘോഷം എവിടെയും കേൾക്കുമാറായി. (വന്ദേമാതരം)

## ശബ്ദാലങ്കാരം.

ടി. ആർ. നായർ.

ശബ്ദാൎത്ഥാലങ്കാരങ്ങളുടെ പ്രയോഗത്തിൽ മഹാകവി ഉള്ളൂരിനുള്ള പാടവം അന്യാദൃശമാകുന്നു. പ്രാസാനുപ്രാസാദികളായ ശബ്ദാലങ്കാരങ്ങളും ഉപമോല്പ്രേക്ഷാദികളായ അൎത്ഥാലങ്കാരങ്ങളും ഉമാകേരളത്തിൽ എത്രയാണെന്നതിനു കണക്കില്ല. ശബ്ദാലങ്കാരത്തെക്കുറിച്ചു് ആദ്യം പ്രതിപാദിയ്ക്കാം. മലയാളകവിതക്കു പ്രാ

സം പ്രയോഗിക്കുന്നത് ഏറ്റവും ഭംഗി പ്രദായകമായ സംഗതിയാകുന്നു. ദ്വിതീയാക്ഷരപ്രാസത്തേയും കേരളവർമ്മപ്രാസത്തേയുംകുറിച്ച് കുറച്ചുകാലംമുമ്പ് സാഹിത്യക്ഷേത്രത്തിൽ വലിയ രാമരാവണയുദ്ധംതന്നെ നടക്കുകയുണ്ടായിട്ടുണ്ട്. അതെന്തെങ്കിലുമായിക്കൊള്ളട്ടെ. അറിയാവുന്നവരുണ്ടെങ്കിൽ മലയാളകവിതയിൽ പ്രാസം വേണ്ടെന്നു പറയുകയില്ല. ഇപ്പോൾ സാഹിത്യത്തിൽ എന്തെങ്കിലുമൊക്കെ പറയാം. ഏതുതരത്തിലെങ്കിലും എഴുതിക്കൂട്ടാം. വാചകങ്ങൾക്ക് അന്വയക്രമവും മറ്റും വേണമെന്നില്ല ചിലദിക്കിലൊക്കെ ചില കുത്തുകൾ ഇടുകയോ, വരയ്ക്കുകയോ മറ്റോ ചെയ്താലും വാചകമായി എന്നും വെച്ചിട്ടുണ്ട്. അങ്ങിനെയൊക്കെ സാഹിത്യം കിടന്നു തകിടംമറിയുമ്പോൾ ഞാൻ പ്രാസം വേണമെന്നു വാദിക്കുന്നതു ശരിയാകുമോ? ആവോ?

ശബ്ദാലങ്കാരം തീർച്ചയായും കേരളഭാഷാകവിതയ്ക്കു പ്രത്യേകിച്ചും വേണമെന്നു വാദിക്കുന്നവരിൽ ഒന്നാമനാണ് ഈയുള്ളവൻ. ഇക്കാര്യത്തിൽ കേരളപാണിനിയുടെ നേർക്കുപോലും നമുക്കൊന്നു കടാക്ഷിക്കേണ്ടിവന്നതിൽ വ്യസനം തോന്നുന്നു. അടുപ്പംതന്നെ കേരളകാളിദാസനെ കൈക്കൂപ്പേണ്ടിവരികയും ചെയ്തിരിക്കകൊണ്ട് കൃതാർത്ഥനാവുകയും ചെയ്യുന്നു. ശബ്ദാലങ്കാരം കവിതയിൽ വേണ്ടെന്നു വല്ലവരും പറയുന്നുണ്ടെങ്കിൽ അവരുടെ അശക്തതയാണ് അതിന്നു കാരണമെന്നു ഞാൻ വാദിക്കും. ശബ്ദാലങ്കാരവൈരികൾ അരസികന്മാരാവുകയാലും; വ്യർത്ഥാപ്രസിദ്ധ പദപ്രയോഗശീലന്മാരാവുകയാലുമത്രേ അങ്ങിനെ ശബ്ദാലങ്കാരത്തെ നിരസിക്കുന്നത്. എന്നാൽ അവർ വ്യർത്ഥാപ്രസിദ്ധപദങ്ങൾ കൂടാതെ പ്രാസസഹിതം നല്ല കവിതയെഴുവാൻ വാസനയില്ലാത്തവരാണ് തങ്ങളെന്നു ദുരഭിമാനംകൊണ്ട് ധരിക്കുന്നില്ല. വാളെടുത്തവർ എല്ലാം വെളിച്ചപ്പാടന്മാരാവണമെന്നില്ല. അതുപോലെതന്നെ തൂലിക എടുത്തവർ എല്ലാം കവികളാകുമെന്നു വിചാരിച്ചുകൂടാത്തതാകുന്നു. വെറുതെയല്ല, "ചിത്രാഃ ഏക കവയഃ ചിത്രാണ്യേവ കാവ്യാനി" എന്നു ആലങ്കാരികന്മാർ പറഞ്ഞിരിക്കുന്നത്. വ്യർത്ഥപദസങ്കീർണ്ണമായോ, അപ്രസിദ്ധപദജടിലമായോ, ഇതരദോഷദുഷ്ടമായോ ഞെരുങ്ങിപ്പിടിച്ച് ഭംഗിയില്ലാത്ത കവിതകൾ എഴുതാനേ ശേഷിയുള്ളു എങ്കിൽ, അങ്ങിനെയുള്ളവർ പക്ഷേ, ഒതുങ്ങിയിരിക്കുകയായിരിക്കും നല്ലത്. വാസനയും, പാണ്ഡിത്യവും തിങ്ങിവിങ്ങുന്ന കവികൾ വസ്തുത്വാവിഷ്കാരമെന്നിയേ, രമണീയാർത്ഥപ്രതിപാദകശബ്ദമായ കാവ്യത്തെ വിരചിക്കുന്നു എങ്കിൽ അസൂയപ്പെടാതിരിക്കുന്നതും അത്യുത്തമമാണ്. അങ്ങിനെയൊക്കെയാകുമ്പോൾ സാഹിത്യക്ഷേത്രത്തിൽ ഉണക്കവും അതിവർഷവും പുഴക്കേടും കാലക്കേടും കാലിക്കേടും ഒക്കെ കഴിച്ചാൽ വളപ്പുറമുള്ള ചില നിലങ്ങളിൽനിന്നു കിട്ടുന്ന വിളവുകൾ മാത്രമേ അനുഭവിക്കുവാൻ തരമാവുകയുള്ളു. എങ്കിലും ഭംഗിയില്ലാത്ത കവിതകൾ നിർമ്മിക്കുന്നതുകൂട്ടും തന്നെ ശരിയല്ല. രസസ്ഫുരത്തിയുള്ളവാകുന്ന ഉചിതപദങ്ങളെ ഘടിപ്പിച്ച് ശബ്ദാലങ്കാരഭംഗി സങ്കലിതമായും അർത്ഥാലങ്കാരപരിപൂർണ്ണമായും ധ്വനിപ്രാധാന്യത്തോടുകൂടിയും ഉണ്ടാവുന്ന കവിതകൾ മാത്രം ഉണ്ടാക്കേണ്ടവർ ഒന്നോ രണ്ടോ പേർ നിർമ്മിച്ചുകൊണ്ടാലും സമാധാനിക്കാവുന്നതാണ്. ഇത്രയും പറഞ്ഞത് ശബ്ദാലങ്കാരത്തെ അപലപിക്കുന്നവർ ആലോചിച്ചുനോക്കുവാൻ മാത്രമാണ്. ശ

രിയായി വാസനയും പാണ്ഡിത്യവുമുള്ള കവിയ്ക്കു പ്രാസാദിശബ്ദാലങ്കാരങ്ങൾ പ്രയോഗിച്ചുകൊണ്ടുതന്നെ വ്യർത്ഥ്യാദിദോഷമെന്നിയേ കവിതയെഴുതുവാൻകഴിയുമെന്നു ഇയ്യുള്ളവൻ തീർത്തുപറഞ്ഞുകൊള്ളുന്നു. ഒന്നാന്തരം പ്രാസങ്ങളോടും അനുപ്രാസാദികളോടും, ഉപമാദ്യർത്ഥാലങ്കാരങ്ങളോടും കൂടിയതല്ലേ ചെറുശ്ശേരിയുടെ കൃഷ്ണഗാഥ. അതിൽ എത്രത്തോളം അനാവശ്യകപദങ്ങളും, ദോഷങ്ങളുമുണ്ട്? കേരളവർമ്മപ്രാസവും, അനുപ്രാസാദികളും അർത്ഥാലങ്കാരാദികളുംകൊണ്ട് അതികമനീയമായിട്ടുള്ളതല്ലേ മയൂരസന്ദേശം. അതിൽ പ്രാസപ്രയോഗത്താൽ കേടുതട്ടിയിട്ടുണ്ടോ? മഹാകവി വള്ളത്തോൾ പ്രാസപ്രയോഗത്താൽ എവിടെയെങ്കിലും കാവ്യത്തിൽ അഭംഗിപ്പെടുത്തിയിട്ടുണ്ടോ? ആശാൻ ശബ്ദപ്രയോഗത്തിൽ സാമർത്ഥ്യമില്ലാത്തതു് അശക്തതകൊണ്ടല്ലേ? കുമാരനാശാൻ മനസ്സിരുത്തി ഓരോ കവിതയിലും ശബ്ദഭംഗി നല്ലപോലെ വരുത്തിയെങ്കിൽ അദ്ദേഹത്തോടു നേരിടുന്ന ഒരു കവിയും ലോകത്തിലുണ്ടായിരിക്കുമായിരുന്നോ? നോക്കുക: മഹാകവി ഉള്ളൂരിന്റെ ഏതു കവിതകളിലും ശബ്ദാലങ്കാരം മുന്നിട്ടുനില്ക്കുന്നതു്. ഉമാകേരളമഹാകാവ്യം ശബ്ദാർത്ഥാലങ്കാരഭംഗികൊണ്ടു് അത്യുത്തമമാണെന്നതിന്നു സംശയമുണ്ടോ?

കേരളഭാഷാകവിതയിൽ ശബ്ദാലങ്കാരം (പ്രാസം) ആവശ്യമില്ലെന്നു ആദ്യമായി വാദിച്ചതു് കേരളപാണിനിയാണ്. അദ്ദേഹം മേഘസന്ദേശം പ്രാസംകൂടാതെ തർജ്ജിമചെയ്യുകയും പ്രാസപക്ഷപാതികളെ കളിയാക്കുകയും ഉണ്ടായിട്ടുണ്ട്. കെ. സി. കേശവപിള്ള രാജരാജവർമ്മതമ്പുരാന്റെ അഭിപ്രായത്തെ അനുസരിക്കുകയും അതിനെ പ്രസംഗിച്ചു പ്രചരിപ്പിക്കുവാൻ പരിശ്രമിക്കയും ചെയ്തു. ഇങ്ങിനെയുള്ള പ്രാസവിരോധത്തെ വലിയ കോയിത്തമ്പുരാൻ തീരെ അനുകൂലിച്ചിരുന്നില്ല. മാത്രമല്ലാ, അവിടുന്നു പ്രാസവിരോധികളുടെ അഭിപ്രായങ്ങളെ അക്ഷരംപ്രതി ഖണ്ഡിക്കുകയും ചെയ്തിട്ടുണ്ട്. കേരളകാളിദാസന്റെ വലങ്കയ്യായി പ്രാസപക്ഷപാതത്തിൽ മുമ്പു കയ്യും പ്രവൃത്തിച്ചിട്ടുള്ളതു മഹാകവി ഉള്ളൂരാണ്. ഉള്ളൂർ പ്രാസവിരോധികൾക്കൊക്കെയും തലപൊക്കുവാൻ ഇടമില്ലാത്തതരത്തിൽ നല്ല സമാധാനം സയുക്തികം പറകയുണ്ടായി. പ്രാസം വേണമെന്ന കാര്യത്തിൽ മഹാന്മാരുടെ ഓരോരുത്തരുടേയും അഭിപ്രായങ്ങൾ നോക്കുക: ദ്വിതീയാക്ഷരപ്രാസത്തെ ഖണ്ഡിച്ചുകൊണ്ടു് കെ. സി. 'ഭാഷാകവിത' എന്ന തലക്കെട്ടിൽ തിരുവനന്തപുരം കോളേജ് മലയാളസമാജത്തിന്റെ വാർഷികയോഗത്തിൽ വായിച്ചതും ഭാഷാപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയതുമായ ഒരു ഉപന്യാസം കണ്ടപ്പോൾ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ഉള്ളൂരിനു എഴുതിയ ഒരു കത്താണു താഴെ ചേർക്കുന്നതു്: "കെ. സി. ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ച ലേഖനം വായിച്ചിരിക്കുമല്ലോ. എത്ര ബാലിശമായിരിക്കുന്നു! 'തമ്പുരാട്ടി' തലവെട്ടിപ്രാസമാണത്രേ! 'തമ്പുരാട്ടി' ഒരു സമസ്തപദമാണല്ലോ. തൻ x പുരാട്ടി. ഇവിടെ തല വെട്ടേണ്ട ആവശ്യമെന്താണെന്നു മനസ്സിലാകുന്നില്ല. നിങ്ങൾ ആ ലേഖനത്തിന്നു മറുപടി എഴുതുന്നുണ്ടായിരിക്കാം; പക്ഷേ, എനിക്കതിൽ നിർബ്ബന്ധമൊന്നുമില്ല." ഇതുപോലെ മറ്റൊരു സന്ദർഭത്തിൽ കേരള കാളിദാസൻ കൂടെയുണ്ടായിരുന്നവരോട്—"അങ്ങനെയാണെങ്കിൽ കൊച്ചപ്പൻ എന്തുകൊണ്ടാണു് പ്രാസനിർബ്ബന്ധത്തോടുകൂടി ഒരു കവിതയെഴു

താണത്തു്? ദ്വിതീയാക്ഷരപ്രാസം അനാവശ്യമാണെന്നു കേശവപിള്ള പ്രസംഗിച്ചാൽ, കൊച്ചപ്പനു് പ്രാസംവെച്ചു് കവിതയെഴുതാൻകഴിയുമെന്നു എങ്ങിനെയാണു തെളിയുന്നതു്?" എന്നും അരുളിച്ചെയ്കയുണ്ടായി. മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ പ്രാസത്തെക്കുറിച്ചു്—

"പ്രായേണ ദ്രാവിഡച്ചൊൽകളിലിടകലരും പ്രാസസൌഭാഗ്യമുണ്ടെ-
ന്നാലേലോകം രസിയ്ക്കൂ, കവിതയി,ല-
തിനാൽ ഭൂരിപക്ഷത്തെനോക്കി-
ച്ചായേണം നമ്മളങ്ങോട്ടതിന്നിടയിൽ
വെറും വാഗ്വിവാദം നടത്തി-
പ്പോയേച്ചാൽ കാര്യമുണ്ടോ? കവിതകളെ-
ഴുതിക്കൂട്ടുവിൻ കൂട്ടുകാരേ."

ഇങ്ങിനെയാണു് പറഞ്ഞിരിയ്ക്കുന്നതു്. "കേരളപ്രാസംകൊണ്ടുള്ള അസൌകര്യം ഗണ്യമാക്കാതെ ധാരാളം അർത്ഥാലങ്കാരങ്ങളോടുകൂടി കവിതയെഴുതുവാൻ ത്രാണിയുള്ളവർ ദ്വിതീയാക്ഷരപ്രാസമെന്ന കണ്ടകമായ ഗണത്തെ തീരെ തള്ളിക്കളയേണ്ടതില്ലെന്നാണു് എന്റെ അഭിപ്രായം" എന്നു മഹാകവി വള്ളത്തോളും പറഞ്ഞിരിയ്ക്കുന്നു.

ഇങ്ങിനെയുള്ള അഭിപ്രായങ്ങളെല്ലാം ഓർത്തുനോക്കുമ്പോഴും സ്വമേധയാ ചിന്തിയ്ക്കുമ്പോഴും "കൈരളീമഹിളതൻ മംഗല്യ"മായ ശബ്ദാലങ്കാരം ഏററവും ഭംഗിയുള്ള ഒന്നാണെന്നുതന്നെയാണു് ഇയ്യുള്ളവന്റേയും അഭിപ്രായം. ഇനി മഹാകവി ഉള്ളൂരിന്റെ പദഘടനാരാമണീയകത്തേയും ശബ്ദാലങ്കാരവൈശിഷ്ട്യത്തേയും വ്യക്തമാക്കുന്ന ഒന്നുരണ്ടുദാഹരണങ്ങൾ ഉമാകേരളത്തിൽനിന്നു എടുത്തു കാണിയ്ക്കാം.

"സ്ഫുടതരംശരദംബുധരങ്ങൾ വ-
ന്നുടയസാന്ധ്യമരുത്തുകളോടുപോൽ
ഉടമപൂണ്ടമഹമ്മദയോധരാ-
ടടവിലാടലിലായവർ തേടിനാർ
മലയമാലയമായ തപോധനൻ
തലകുനിച്ചധരത്തിൻ താഴെയും
ബലമൊടടുത്തുമവർക്കിതകയ്യിലും
വിലസി,ചേ,ലസി, വേറെയുമായുധം
പത്തിൽക്കൂടുന്നവരെയവനം
ചെയ്യുവോരെത്രഘോരാ-
പത്തിൽപ്പോലും പുകൾ പുലരുവോർ,
വീരലക്ഷ്മീകചത്തെ,
പത്തിക്കീററാൽ പരിലസിതമാ-
ക്കീടുവോരിട്ടുവാഴ്വോർ
പത്തില്ലത്തിൻ പതികളവിടെ
പ്പാർത്തിടുന്നുണ്ടുവിപ്രർ."

ഏവംവിധങ്ങളായ പദ്യങ്ങളിലെ ശബ്ദാലങ്കാരം ഏതു സഹൃദയനെയാണു് രസിപ്പിയ്ക്കാതിരിയ്ക്കുക?

## സൌന്ദര്യത്തിന്റെ പാട്ടു്.

(കേക)

(മൂക്കിൽമഠത്തിൽ വിശ്വനാഥമേനോൻ.)

പൂർവ്വാശസവിതച്ചാരച്ചെഞ്ചോരക്കിടാവിനെ
ഗർവ്വേഴും കാർമേഘങ്ങളൊളിച്ചുവെച്ചീടുന്നു.
വന്നീടുമാപത്തുകളെന്നോർത്തിട്ടതിദ്രുതം
മുന്നോട്ടുതന്നെ രാജമാർഗ്ഗേണനടകൊണ്ടേൻ
ഊക്കനാം മഴഘോരം ഗർജ്ജനംമുഴക്കിക്കൊ-

ണ്ടൽക്കടെതരം കൈകവാളേന്തിവന്നട്ടക്കവെ.
പുത്തനാം ശീലക്കുട നിവർത്തിപ്പിടിക്കിലു-
മനുവ്വിൽ മഴകൊള്ളാതെത്തുവാൻ ഗതിയുള്ളൂ,
കാറൊത്തകുടക്കള്ളിലൊതുങ്ങിനില്ക്കുമെന്റെ
ചാരത്തുവെള്ളികൊണ്ടുതീർത്തുള്ളോളാരഴിപോലെ
കാണായിവർഷധാര, ഞാനൊരു കൂട്ടിൽപെട്ട
മാനെന്നകണക്കങ്ങുകടുങ്ങിയെന്നേവേണ്ടു,
പാതതന്നരികിലായ് നില്ക്കുന്ന മരാമര-
വ്രാതത്തെവീഴ്ത്തീടുന്നുണ്ടുഗ്രനാം സമീരണൻ
കർക്കിടമാസത്തിലെ കറുത്തവാവാണെന്ന-
തോർക്കാതെപുറപ്പെട്ടതെന്നുടെ മൌഢ്യംതന്നെ.

നിരത്തിൽ സസന്തോഷം ജോലിചെയ്തീടുംകൂലി-
ക്കാരിതാകണ്ടുകൊൾകവിൻ മാമകനേത്രങ്ങളെ
പേമാരിയിങ്കൽപ്പുതുപ്പുമഴതന്നിൽപോലെ
യീമർത്ത്യരെല്ലാം ജോലിചെയ്യുന്നു ബദ്ധശ്രദ്ധം
ചിലപാനംകൊടുത്തും ഞാൻ പാവങ്ങൾ പണത്തിനു-
മല്ലലേകീടും മാരികൊള്ളുന്നുണ്ടൊരുപോലെ
മാറിത്തുകയാൽ വെള്ളംകോരുവാൻ കൂലിവേല-
ക്കാരൊന്നും വേണ്ടെന്നുള്ള വിചാരം മൂലമിപ്പോൾ
പാതതൻ പണിതീർപ്പാൻ മുതിന്നമുതലാളി
മോദത്താൽ ബാഷ്പവർഷം പൊഴിക്കുന്നുണ്ടാം നൂനം
ദാരിദ്ര്യമാകും മഴക്കുപ്പായംധരിച്ചൊക്കി-
മാരിയും കാറ്റുംകൊണ്ടിന്നെന്തുവാൻ പ്രതിബന്ധം?
കേവലമൊരുമഴത്തുള്ളികൊണ്ടീടിൽ രോഗം-
കൈവരും കുബേരന്മാർക്കീക്കാഴ്ച നേത്രോത്സവം.
ദാരിദ്ര്യവൻഭൂതത്തെത്തള്ളിയങ്ങോടിക്കുന്നു.
പാരിതിൽകല്ലെന്നുള്ള കൈതവാലിവരിതാ.
അക്കൊടുംഭൂതം വമിച്ചീടുന്നരക്തം നാലു-
ദിക്കിലുമൊഴുകുന്നു; ചെമ്മണ്ണുനീരല്ലിതു.

ഉന്നതപദസ്ഥരായ് പരിശോഭിക്കുംതാരാ-
വൃന്ദങ്ങൾ താഴെനോക്കി മുങ്ങികാട്ടുന്നെങ്കിലും
സോദരന്മാരെ! നമ്മൾ ബുധരായീടിലീ-
മേദിനിതന്നിലെന്നും സന്തുഖം വാഴാമല്ലോ.
കേവലമലസന്മാരാവാതിന്നെ കൃഭാവ-
മേവരുംകൈക്കൊണ്ടപ്പോം ന ധൈര്യ്യംമുന്നോട്ടെത്തി
നിത്യവും നമുക്കുള്ളകമ്മത്തെ വേണ്ടുംവിധം
സത്യമാർഗ്ഗത്തിൽകൂടി നയിപ്പാൻ യതിച്ചെന്നാൽ
ദാരിദ്ര്യപ്പിശാചിനെ വെല്ലുവാൻസാധിക്കുമി-
പ്പാരിങ്കൽപിന്നെ സൈപരസൌന്ദര്യ്യഗാനംപാടാം'